പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3441 29.01.2014 - ൽ മറുപടിക്ക്

വാർദ്ധക്യകാല പെൻഷൻ

ചോദ്യം ഉത്തരം

ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാർദ്ധക്യകാല പെൻഷൻ പ്രായം 65 വയസ്സിൽനിന്നും 60 വയസ്സായി കുറച്ചത് എന്നു മുതലാണ് ; | (എ) | 04.11.2013 ലെ സ.ഉ.(എം.എസ്.) നമ്പർ 93/13/സാനീവ നമ്പർ ഉത്തരവു പ്രകാരം വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 65 വയസ്സിൽ നിന്നും 60 വയസ്സായി കുറച്ചിട്ടുണ്ട്. |
| (ബി) | പ്രായപരിധി കുറച്ചതുമൂലം എത്ര തുകയാണ് അധികം വേണ്ടി വരുന്നത് ; | (ബി) | ഒരു വർഷത്തേയ്ക്ക് ഏകദേശം 1197.13 ലക്ഷം രൂപ അധികം വേണ്ടി വരും. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ടെന്നും, എത്ര രൂപ വീതമാണ് നൽകുന്നതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്നും വിശദീകരിക്കുമോ ; | (സി) | സംസ്ഥാനത്ത് നിലവിൽ 380051 പേർക്ക് വാർദ്ധക്യകാല പെൻഷൻ നൽകുന്നു. ടി പദ്ധതിയിൽ 60 – 79 വയസ്സുവരെ പ്രായമുള്ളവർക്ക് പ്രതിമാസം 500/- രൂപയും, 80 വയസ്സു കഴിഞ്ഞവർക്ക് പ്രതിമാസം 1100/- രൂപ നിരക്കിലും പെൻഷൻ നൽകി വരുന്നു. ടി പദ്ധതിയിൽ 60 – 79 വയസ്സുവരെ പ്രായമുള്ളവർക്ക് 200/- രൂപയും 80 വയസ്സിനുമേൽ പ്രായമുള്ളവർക്ക് 500/- രൂപയും കേന്ദ്ര വിഹിതമായും ബാക്കി തുക സംസ്ഥാന വിഹിതമായും നൽകുന്നു. |
| (ഡി) | പ്രായപരിധി കുറച്ചതുമൂലം ആവശ്യമായി വരുന്ന അധിക തുക കേന്ദ്ര സർക്കാർ നൽകുന്നുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് കേന്ദ്രവിഹിതം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ